File No. 9361/J1/12 H-Edn

പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1028

20.03..2012 -ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.യിൽ അസിസ്റ്റന്റ് നിയമനം

*ചോദ്യം*
ശ്രീ. ജെയിംസ് മാത്യു

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി യിൽ അസിസ്റ്റന്റ് നിയമനത്തിനായി എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയതു പ്രകാരം റാങ്കു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര ഒഴിവിലേക്കാണ് നിയമന നടപടികൾ സ്വീകരിച്ചത്; | (ബി) | വിജ്ഞാപനത്തിൽ ഒഴിവുകളുടെ എണ്ണം സൂചിപ്പിച്ചിരുന്നില്ല. ഇന്റർവ്യൂവിന്റെ സമയത്ത് 87 ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (സി) | എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട് ; | (സി) | ഇതുവരെ ആർക്കും നിയമനം നൽകിയിട്ടില്ല. |
| (ഡി) | നിയമനം നൽകിയിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ; | (ഡി) | ഹൈക്കോടതിയിൽ ശ്രീ.ശ്രീജിത്ത് കുമാർ.പി എന്ന ഉദ്യോഗാർത്ഥി ഫയൽ ചെയ്തിരിക്കുന്ന W.P.(C) No.13182/2011 നമ്പരായുള്ള കേസ് കോടതിയുടെ പരിഗണനയിൽ ആയതിനാൽ, ടി കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമനങ്ങൾ നടത്തുവാൻ കഴിയുകയുള്ളു. |

(തുടർച്ച...... പേജ്..2/-)

(ഇ) നിലവിൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമനം എന്നത്തേക്കു നടക്കുമെന്ന് അറിയിക്കാമോ ?

(ഇ) & (എഫ്) ഐ.എച്ച്.ആർ.ഡി.-യുടെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂൾസും പുനർനിർണ്ണയിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി എന്നിവയും സർക്കാർ തലത്തിലുമുള്ള പരിശോധനയ്ക്കും ശേഷം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ നിലവിലുള്ള തസ്തികകളുടെ എണ്ണം കണക്കാക്കാൻ സാധിയ്ക്കുകയുള്ളൂ. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾക്ക് വിധേയമായും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുൻപാകെയുള്ള കേസിന്റെ അന്തിമ വിധിയ്ക്ക് വിധേയമായും മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ